പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ:2648 — 14.12.15 ൽ മറുപടിക്ക്

## പുഴകളുടെ സംരക്ഷണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സാജു പോൾ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പുഴകളുടെ പരിപാലനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) പുഴകൾ മലിനീകരിക്കപ്പെടുന്നത് പരിശോധിച്ചിട്ടുണ്ടോ;<br>(സി) അപകടകരമായ രീതിയിൽ മലിനജലം ഒഴുകുന്ന പുഴകൾ ഉണ്ടോ എന്നും എങ്കിൽ അവ ഏതെല്ലാമെന്നും അറിയിക്കുമോ; ഇത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) & (സി) | ഉണ്ട്; സംസ്ഥാനത്തിന്റെ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 23 നദികളിലെ 115 സ്റ്റേഷനുകളിൽ നിന്നും, നാഷനണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിൽപ്പെടുത്തി 42 നദികളിലെ 65 സ്റ്റേഷനുകളിൽ നിന്നും, 7 റിവുലറ്റ് സ്റ്റേഷനുകളിൽ നിന്നും, ജല സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തി വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജല-വായു ഗുണനിലവാര ഡയറക്ടറി എല്ലാ വർഷവും പ്രസിദ്ധീകരിച്ച് വരുന്നു.<br>ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. 1974 ലെ ജല (മലിനീകരണവും നിയന്ത്രണവും) നിയമം മൂലം വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയെ ജല നിയമ പ്രകാരമുള്ള അനുമതിപരിധിയിൽ കൊണ്ടു വന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ |

ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ച് വരുന്നു.

കൂടാതെ 2000 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള പാർപ്പിട ഉത്തുംഗ കെട്ടിടങ്ങൾക്കും (High rise building) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർബന്ധമാക്കിയിട്ടുണ്ട്.

ശബരിമല സീസൺ കാലത്ത് പമ്പാനദിയിൽ പമ്പാഭാഗത്ത് കോളിഫോം ബാക്ടീരിയയുടെ അളവ് വളരെയധികം കൂടുതലായി കണ്ടിട്ടുണ്ട്. തീർത്ഥാടന സമയത്ത് പമ്പയിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നുള്ള ശുദ്ധീകരിച്ച പാഴ്ജലത്തിന്റെയും പമ്പാനദിയിലെ ജലത്തിന്റെയും ഗുണനിലവാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ദിവസവും പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സമയാ സമയങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡിനും കേരള വാട്ടർ അതോറിറ്റിക്കും നൽകി വരുന്നു. കൂടാതെ, തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപ്പിലാക്കുന്ന ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. പമ്പാനദിയിൽ ഭക്തജനങ്ങൾ വസ്ത്രങ്ങൾ ഉപേക്ഷിച്ച് പോകുന്നത് തടയുന്നതിനായി ഈ വർഷം എൻ.എസ്.എസ്. വാളന്റീയർ മാരുടേയും പോലീസ് സേനയുടെയും സഹായത്തോടെ നടപടികൾ സ്വീകരിച്ച് വരുന്നു.

| | |
|---|---|
| (ഡി) കേരളത്തിൽ ഓരോ വർഷവും ജലത്തിന്റെ അളവ് കുറഞ്ഞുകൊണ്ടിരിക്കുന്നതും വർദ്ധിച്ച് കൊണ്ടിരിക്കുന്നതുമായ നദികൾ ഉണ്ടോ; ഏതെല്ലാം; ഇതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) ലഭ്യമാകുന്ന മഴയുടെ തോതനുസരിച്ച് നദികളിലെ ജലത്തിന്റെ അളവ് വ്യത്യാസപ്പെട്ടുമെങ്കിലും ജലവിതാനം സ്ഥിരമായി കുറഞ്ഞിരിക്കുന്നതോ, കൂടിയിരിക്കുന്നതോ ആയ പുഴകൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ